**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3007** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ബഹു. മെമ്പർമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ചേരുന്ന കമ്മീഷന്റെ യോഗങ്ങളിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (ബി) | കമ്മീഷൻ നാളിതുവരെ എത്ര രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | കടബാധ്യത മൂലം കഷ്ടതയനുഭവനിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം അനുവദനീയമായ ആനുകൂല്യങ്ങൾ അർഹതയുടെ അടിസ്ഥാനത്തിൽ നൽകാൻ സിറ്റിംഗുകളും തെളിവെടുപ്പുകളും നടത്തി കടാശ്വാസ തുക ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിക്കുക എന്നതാണ് കമ്മീഷന്റെ ചുമതല. കമ്മീഷൻ 22.01.2009 ൽ സ്ഥാപിതമായത് മുതൽ നാളിതുവരെ കടാശ്വാസം അനുവദിക്കുന്നതിനായി 1 മുതൽ 63 വരെ അർഹത പട്ടികകളും 1 മുതൽ 9 വരെ റീഫണ്ട് പട്ടികകളും കമ്മീഷൻ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.<br><br>കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത സമർപ്പിക്കുന്ന അപേക്ഷകളിൽ മത്സ്യഫെഡിന് കീഴിലുള്ള സംഘങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ വരുന്ന സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ഓഫീസുകളുടെയും മത്സ്യഫെഡ്/ സഹകരണ സംഘം രജിസ്ട്രാർ ഓഫീസുകളുടെയും സംയുക്ത പരിശോധനയ്ക്ക് ശേഷം മാത്രമാണ് സർക്കാരിൽ നിന്നും അനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത ധനകാര്യ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചു നൽകുന്നത്. സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദേശസാൽകൃത ബാങ്കുകളിൽ നിന്നും കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന വായ്പകൾക്ക് |

| | | | |
|---|---|---|---|
| | | | കടാശ്വാസം സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നു. നാളിതുവരെ മത്സ്യത്തൊഴിലാളി കടാശ്വാസമായി 203.7727 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | കമ്മീഷന്റെ തുടർപ്രവർത്തനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർപ്രവർത്തനങ്ങളാണ് കമ്മീഷൻ ഏറ്റെടുക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31.12.2008 വരെ എടുത്ത് വായ്പകൾക്കാണ് നിലവിൽ കടാശ്വാസം ശിപാർശ ചെയ്തുവരുന്നത്. കടാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ അപേക്ഷകളും കമ്മീഷൻ പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതുമാണ്. 20.10.2022 ന് കൂടിയ മന്ത്രിതല യോഗ തീരുമാന പ്രകാരം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ചും, കടാശ്വാസം അനുവദിക്കുന്ന വായ്പ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ചും, 10.01.2023 ലെ 140-ാമത് കമ്മീഷൻ യോഗത്തിൽ തീരുമാനമായത് പ്രകാരം ചുവടെ പറയുന്ന ശിപാർശകൾ ഉൾപ്പെടുത്തി കമ്മീഷന്റെ തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി ശിപാർശ സമർപ്പിച്ചിട്ടുണ്ട്.<br><br>1. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വസ്തുക്കൾ ആർജ്ജിക്കുന്നതിന് എടുത്ത എല്ലാ വായ്പകളും കടാശ്വാസത്തിന് പരിഗണിക്കുന്നതിലേക്കായി ഉൾപ്പെടുത്താവുന്നതാണ്. പരമാവധി വായ്പ തുക നിശ്ചയിക്കേണ്ടതുമാണ്.<br><br>2. 2008-ന് ശേഷം വായ്പയെടുത്ത മത്സ്യത്തൊഴിലാളികളിൽ നിന്നും കടാശ്വാസം അനുവദിക്കുന്നതിനായി കമ്മീഷനിൽ അപേക്ഷകൾ ലഭിക്കുന്നുണ്ട്. ആയതിനാൽ കടാശ്വാസത്തിന് പരിഗണിക്കുന്നതിനായി വായ്പ കാലയളവ് 2016 ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നതിനും അതിനനുസരിച്ച് കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും ശിപാർശ ചെയ്തു.<br><br>3. വായ്പയെടുത്ത ശേഷം തിരിച്ചടക്കാൻ യാതൊരു നിർവ്വാഹവുമില്ലാതെ ജപ്തി നടപടികളിലേക്ക് പോയിട്ടുള്ള കേസുകൾ, വായ്പയെടുത്ത മത്സ്യത്തൊഴിലാളി മരണപ്പെട്ട സാഹചര്യങ്ങൾ, മാരക രോഗങ്ങൾ മൂലം കഷ്ടപ്പെട്ട വായ്പ തിരിച്ചടക്കാൻ കഴിവില്ലാത്തവർ തുടങ്ങി കടക്കെണിയിൽപ്പെട്ട് വലയുന്ന മത്സ്യത്തൊഴിലാളികളെ കടാശ്വാസത്തിന് പരിഗണിക്കുന്ന തരത്തിൽ മത്സ്യത്തൊഴിലാളി |

| | | | |
|---|---|---|---|
| | | | കടാശ്വാസ കമ്മീഷൻ ആക്ട് ഭേദഗതി ചെയ്ത് തുടർ പ്രവർത്തനം നടത്തുന്നതിനും ശിപാർശ ചെയ്തു.<br><br>4. കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തുകക്ക് നിലവിൽ പരിധി നിശ്ചയിച്ചിട്ടില്ല. ആയതിനാൽ പരമാവധി എത്ര തുക വരെ വായ്പയെടുക്കുന്നവർക്ക് കടാശ്വാസം അനുവദിക്കാം എന്നത് സംബന്ധിച്ച് ഒരു പരിധി നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.<br><br>5. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് നിലവിൽ വരുമാന പരിധി 60,000/- രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. ടി വരുമാന പരിധി 1,20,000/- രൂപയാക്കി വർദ്ധിപ്പിക്കുവാനും സമാന പരിഗണനകൾ കണക്കിലെടുത്തുകൊണ്ട് കുടുംബത്തിന്റെ വാർഷിക വരുമാന പരിധി 2 ലക്ഷത്തിൽ നിന്ന് 3 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കമ്മീഷൻ ശിപാർശ ചെയ്തു.<br><br>ടി ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ